പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1326 — 02/03/2017 ൽ മറുപടിയ്ക്ക്

## സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പേരൂർക്കട വില്ലേജിൽ സ്വകാര്യ വ്യക്തികൾ സർക്കാർ ഭൂമി കയ്യേറിയത് സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കുമോ;<br>(ബി) പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23 റീസർവ്വേ നമ്പർ 448/6, 558/7,8,9,11, 451/14, 15, 16 446/7 നമ്പരിൽപ്പെട്ട സർക്കാർ ഭൂമി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ; | (എ) & (ബി) പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23 റീസർവ്വെ നമ്പർ 448/6, 458/7, 8,9,11,451/14,15,16,446/17 എന്നീ സർവ്വെ നമ്പരിൽപ്പെട്ട വസ്തുക്കൾ പോബ്സ് ഗ്രാനൈറ്റ്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.എബി മാത്യുവിന് സർവ്വെ അദാലത്ത് പ്രകാരം പോക്കുവരവ് ചെയ്ത് നൽകിയതിൽ അപാകത ഉണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി പോക്കുവരവുകൾ സർവ്വേ ലാന്റ് റിക്കാർഡ്സ് ദക്ഷിണ മേഖലാ സർവ്വെ ജോയിന്റ് ഡയറക്ടറുടെ 08/02/2016, ലെ എ3/351/2015 നമ്പർ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തിരുന്നു. എന്നാൽ പോബ്സ് ഗ്രാനൈറ്റ്സ് ഡയറക്ടർ ശ്രീ.ജോസഫ് ജേക്കബ് സർക്കാരിൽ റിവിഷൻ പെറ്റീഷൻ നൽകുകയും, സർക്കാർ ഉത്തരവ് (ആർ.റ്റി) 122/2017 ആർഡി തീയതി 11/01/2017 പ്രകാരം സർവ്വെ ജോയിന്റ് ഡയറക്ടറുടെ എ3/351/15 നമ്പർ നടപടിക്രമം സ്റ്റേ ചെയ്യുകയും ഈ വിഷയം റിവിഷൻ പെറ്റീഷനായി സർക്കാരിന്റെ പരിഗണനയിലിരിക്കുകയുമാണ്. അടിയന്തിരമായി ടി ഹർജിയിന്മേലുള്ള നടപടികൾ തീർപ്പാക്കുന്നതാണ്. |
| (സി) പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട സർക്കാർ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച് കാസർഗോഡ് ആസ്ഥാനമായുള്ള കേന്ദ്ര സർവ്വകലാശാലയുടെ സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനായി വിട്ടു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ